**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 641

30.6..2011 ൽ മറുപടിയ്ക്ക്

**പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) | |
| എ) | പട്ടയം ലഭിച്ചിട്ടില്ലാത്ത ചാലക്കുടി മണ്ഡലത്തിലെ കനാൽ, റോഡ്, തോട്, പുഴ, കുളം എന്നിവയുടെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്കും മേച്ചിൽ പുറം, പുറമ്പോക്ക് നിവാസികൾക്കും പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ; | എ) | 1994-ലെ പഞ്ചായത്തീരാജ് ആക്ട് പ്രകാരം കനാൽ, റോഡ്, തോട്, പുഴ, കുളം എന്നിവ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും, നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം പതിച്ചു നൽകുന്നതിന് സാദ്ധ്യമല്ലാത്തതുമാണ്. ഇത്തരം ഭൂമികൾ റവന്യൂ വകുപ്പിലേയ്ക്ക് കൈമാറി നൽകുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | 50 വർഷത്തിലധികമായി പുളിയിലപ്പാറയിൽ താമസിക്കുന്ന നൂറോളം കുടുംബങ്ങൾക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ; | ബി) | പുളിയിലപ്പാറ നിവാസികൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി, വനം, റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ ഭൂമിയുടെ തരം, മരങ്ങളുടെ എണ്ണം, കൈയ്യേറ്റ പഴക്കം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ചുള്ള എതിർപ്പുകൾ വനം വകുപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. എതിർപ്പിനുള്ള കാരണം കണ്ടുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | മലയോര കർഷകർക്ക് പട്ടയം നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | സി) | 01.01.1977-ന് മുമ്പ് വനഭൂമി കൈവശം വെച്ചു വരുന്നവരിൽ കേന്ദ്രാനുമതി ലഭിച്ച ഭൂമികൾക്ക് പട്ടയ വിതരണം സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളിൽ പുരോഗമിക്കുന്നുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി 4119 കൈവശക്കാരുടെ ലിസ്റ്റ് കേന്ദ്രാനുമതിയ്ക്കായി വനം വകുപ്പ് മുഖേന അയച്ചിട്ടുള്ളതാണ്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ